**"ഭരണഭാഷ – മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാങ്കേതിക വിദ്യാഭ്യാസം – കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല ടി സ്ഥാപനത്തിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസർ ഡോ.ഇ.ആർ.ഉഷാകുമാരിയ്ക്ക് നൽകിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

സ. ഉ. (സാധാ) നം. 1085/2020/ഉ.വി.വ. തീയതി, തിരുവനന്തപുരം, 25.08.2020

---

പരാമർശം:- 1 ) 17.06.2020 ലെ സ.ഉ (സാധാ) 803/2020/ഉവിവ നമ്പർ ഉത്തരവ്.

2) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 25.06.2020 ലെ ഇ.എ 1/6983/20/ഡി റ്റി ഇ നമ്പർ നടപടിക്രമം.

3) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 25.06.2020 ലെ ഇ എ 1/6983/20 ഡി റ്റി ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൂചന (1) ഉത്തരവു പ്രകാരം കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പാൾ ഡോ.ബൈജുഭായി. ടി. പി യെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് ഡയറക്ടർ (III C) തസ്തികയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പൂർണ്ണ അധിക ചുതലയും നൽകിയിരുന്നു. ആയതിനാൽ, പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല ടി സ്ഥാപനത്തിലെ സീനിയർ പ്രൊഫസറായ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസർ ഡോ.ഇ.ആർ ഉഷാകുമാരിയ്ക്ക് 17.06.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഇനി ഒരു ഉത്തരവുണ്ടാകുന്നത് വരെയോ, പകരം ചുതലയേൽക്കുന്നത് വരെയോ, കേരളാ സർവ്വീസ് ചട്ടം ഭാഗം I ചട്ടം 53 (ബി) പ്രകാരം, നൽകിയ പരാമർശം (2) ലെ നടപടിക്രമത്തിന് സാധൂകരണം നൽകണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സൂചന (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല സീനിയർ പ്രൊഫസറായ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസർ ഡോ.ഇ.ആർ.ഉഷാകുമാരിയ്ക്ക് പരാമർശം (2) പ്രകാരം നൽകിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.

ഡോ.ഇ.ആർ.ഉഷാകുമാരി, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം

www.highereducation.kerela.gov.in

കരുതൽ ശേഖരം/കാര്യാലയ പകർപ്പ് .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ